# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -180 09.03.2015 ൽ മറുപടിയ്ക്ക്

## തിരുവല്ല മാർത്തോമ കോളേജിനു സമീപം കാർ കത്തിച്ചസംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല മാർത്തോമ കോളേജിനു സമീപം വീടിന്റെ പോർച്ചിൽ കിടന്ന കാർ കത്തിക്കുകയും സമീപം കിടന്ന കാർ അടിച്ചു തകർക്കുകയും ചെയ്ത സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 24.01.2015-ാം തീയതി അർദ്ധരാത്രിയോടു കൂടി തിരുവല്ല പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാർത്തോമ കോളേജിനു സമീപം മതിലുങ്കൽ വീട്ടുമുറ്റത്തെ പോർച്ചിൽ കിടന്ന കാർ തീവെച്ച് നശിപ്പിക്കുകയും ടി വീട്ടു പുരയിടത്തിൽ കിടന്ന മറ്റൊരു വാഹനത്തിന്റെ പുറകു വശത്തെ ഗ്ലാസ്സ് കല്ലുകൊണ്ട് എറിഞ്ഞ് പൊട്ടിക്കുകയും ചെയ്ത സംഭവത്തിന് തിരുവല്ല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 156/15 u/s 447, 435, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവല്ല സബ്-ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളാരെന്ന് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. ടി കേസിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി ശാസ്ത്രീയ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഈ കേസിൽ ആരെയെങ്കിലും പ്രതി എന്നു സംശയിക്കുന്നുണ്ടോ; | (ബി) | പ്രതികളായി ആരെയും സംശയിക്കത്തക്ക വിവരം ലഭിച്ചിട്ടില്ല. |
| (സി) | ഈ കുറ്റകൃത്യം നടത്തിയ പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (സി) | പ്രതികളെ തിരിച്ചറിയാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | കുറ്റകൃത്യം നടന്നിട്ട് ഇത്രയും ദിവസങ്ങൾ കഴിഞ്ഞിട്ടും അന്വേഷണത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | അന്വേഷണത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ